**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1881 — 14.08.2017 ൽ മറുപടിക്ക്

## ഹരിപ്പാട് താലൂക്ക് ആശുപത്രിയുടെ പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ.അൻവർ സാദത്ത് | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഹരിപ്പാട് താലൂക്ക് ആശുപത്രിയുടെ പ്രശ്നങ്ങൾ സംബന്ധിച്ച് 02-06-2017-ൽ ആരോഗ്യവകുപ്പ് ഡയറക്ടർ ഹരിപ്പാട് വച്ച് നടത്തിയ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; | (എ) | **02-06-2017 ലെ യോഗതീരുമാനങ്ങൾ**<br>1. ആറു മാസമായി ഒഴിഞ്ഞു കിടന്ന സൂപ്രണ്ടിന്റെ തസ്തികയിൽ നിയമനം നടത്താൻ അഡിഷണൽ ഡയറക്ടറെ ചുമതലപ്പെടുത്തി.<br>2. പ്രസവവാർഡ് പ്രവർത്തനം സുഗമമാക്കുന്നതിനായി 2 ഗൈനക്കോളജിസ്റ്റുമാരെ നിയമിക്കുവാൻ ആവശ്യപ്പെട്ടു.<br>3. എൻ.ഡി.സി ക്ളിനിക്കിലേയ്ക്ക് ഡോക്ടറെ നിയമിക്കുവാൻ ആവശ്യപ്പെട്ടു.<br>4. ആശുപത്രിയിലേയ്ക്ക് ഒരു ഡയാലിസിസ് മെഷീൻ കൂടി സ്ഥാപിക്കുവാനും ഒരു ടെക്നീഷ്യനെക്കൂടി നിയമിക്കുവാനും ആവശ്യപ്പെടാൻ തീരുമാനിച്ചു.<br>5. പുതുക്കിപ്പണിത ഓപ്പറേഷൻ തിയറ്റർ തുറന്നു പ്രവർത്തിക്കുവാൻ ഒരു അനസ്തേഷ്യ മെഷീൻ വേണം . കെ.എം.എസ്.സി.എൽ-നോട് ആവശ്യപ്പെടാൻ തീരുമാനിച്ചു<br>6. എം.പി. ഫണ്ടിൽ നിന്ന് ആശുപത്രിയ്ക്ക് അനുവദിച്ച ആംബുലൻസ് DMO വഴി വാങ്ങാൻ കഴിയാതെ വന്നതിനാൽ ഇപ്പോൾ DHS ലേയ്ക്ക് അനന്തര നടപടികൾക്കായി കൈമാറിയെന്ന് DMO അറിയിച്ചു. ആലപ്പുഴ ജനറൽ ആശുപത്രിയിൽ നിന്ന് ഒരു ആംബുലൻസ് തല്ക്കാലം അനുവദിക്കണമെന്ന് DMO അറിയിച്ചു.<br>7. ട്രോമാകെയർ യൂണിറ്റിന്റെ പ്രവർത്തനം നല്ലരീതിയിൽ നടത്തുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കണമെന്ന് യോഗം |

| | | | |
|---|---|---|---|
| | | | ആവശ്യപ്പെടുകയും Additional Director Dr. Bindhu Mohan-നെ ചുമതലപ്പെടുത്തുകയും ചെയ്തു.<br><br>8. ആശുപത്രിയിൽ പണികഴിപ്പിച്ച പുതിയകെട്ടിടം പണിപൂർത്തീകരിച്ച് കൈമാറിയിട്ടില്ല. അടിയന്തിരമായി പണിപൂർത്തീകരിച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമാംവിധം പ്രവർത്തന സജ്ജമാക്കണമെന്ന് ആവശ്യപ്പെട്ടു.<br><br>9. ആശുപത്രി വികസനം സംബന്ധിച്ച് ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കുവാൻ സൂപ്രണ്ടിനെ ചുമതലപ്പെടുത്തി.<br><br>10. ആശുപത്രിയിൽ C.C.T.V സ്ഥാപിക്കുവാൻ ആവശ്യമായ തുക ആർ.എസ്.ബി.വൈ ഫണ്ടിൽ നിന്ന് വിനിയോഗിക്കുവാൻ തീരുമാനിച്ചു. |
| (ബി) | പ്രസ്തുത തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്? | (ബി) | **<u>സ്വീകരിച്ച നടപടികൾ</u>**<br><br>1. സൂപ്രണ്ട് ചാർജ്ജെടുത്തു.<br><br>2.ഗൈനക്കോളജിസ്റ്റുമാരെ നിയമിക്കുകയും അവധിയിലായിരുന്ന ഗൈനക്കോളജിസ്റ്റ് ജോലിയിൽ തിരികെ പ്രവേശിക്കുകയും ചെയ്തു.<br><br>3. പുതുക്കിപ്പണിത തിയേറ്റർ പ്രവർത്തിപ്പിക്കുന്നതിന് നടപടികളായി.<br><br>4. പുതിയതായി പണികഴിപ്പിച്ച കെട്ടിടത്തിലേയ്ക്കാവശ്യമായ ഇലക്ട്രിക്കൽ പാനൽ ബോർഡ് എത്തിച്ചിട്ടുണ്ട്. X-ray room lead പാനലിങ്ങ് കഴിഞ്ഞു. ഫയർ എസ്റ്റിങ്ഷൻ കൂടി സ്ഥാപിച്ച് ഉടൻ തുടങ്ങുന്നതാണ്.<br><br>5. ആശുപത്രി വികസനത്തിന് മാസ്റ്റർ പ്ലാൻ സൂപ്രണ്ടിന്റെ ചുമതലകളിൽ തയ്യാറാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ